"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-എറണാകുളം ജില്ല-പുതുക്കാട് നൂറുൽ ഈമാൻ ജുമാമസ്ജിദിന് കോൺക്രീറ്റ് വോൾട്ട് ഖബർസ്ഥാൻ നിർമ്മിക്കുന്നതിന് അനുമതി - ശ്രീ.കെ.സി ബാബു ഫയൽ ചെയ്ത WA.No.1213/19 & 1216/19 എന്നീ കേസുകളിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 27/05/2019 ലെ വിധിന്യായം നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.340/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/02/2020

പരാമർശം:- 1 നൂറുൽ ഈമാൻ ജുമാ മസ്ജിദിനു വേണ്ടി സെക്രട്ടറി ഫയൽ ചെയ്ത 25.03.2015 ലെ അപ്പീൽ അപേക്ഷ

2 08/06/2016 ലെ സ.ഉ(സാധാ)നം. 1905/16/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

3 ബഹു.കേരള ഹൈക്കോടതിയുടെ 08/02/2019 ലെ WP(c)38856/15, 22733/16 നമ്പർ കേസുകളിന്മേലുള്ള വിധിന്യായം

4 ബഹു.കേരള ഹൈക്കോടതിയുടെ 27/05/2019 ലെ WA.No.1213/19 & 1216/19 എന്നീ കേസുകളിന്മേലുള്ള വിധിന്യായം

5 എറണാകുളം ജില്ലാകളക്ടറുടെ 28/09/2019 ലെ DCEKM/2041/2019-M5 നമ്പർ കത്ത്

6 എറണാകുളം ജില്ലാകളക്ടറുടെ 28/01/2020 ലെ DCEKM/2041/2019-M5 നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കരുമാല്ലൂർ പഞ്ചായത്ത് 17-ാം വാർഡിൽ പുതുക്കാട് നൂറുൽ ഈമാൻ ജുമാമസ്ജിദിന് കോൺക്രീറ്റ് വോൾട്ട് ഖബർസ്ഥാൻ നിർമ്മിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ അനുവാദം നിരസിച്ചതിനെ തുടർന്ന് നൂറുൽ ഈമാൻ ജുമാമസ്ജിദ് സെക്രട്ടറി സർക്കാരിന് പരാമർശം 1 അപ്പീൽ അപേക്ഷ ( Ext R3(d)സമർപ്പിക്കുകയും ടി അപ്പീൽ അപേക്ഷ പരിഗണിച്ച് പുതുക്കാട് നൂറുൽ ഈമാൻ ജുമാമസ്ജിദിനോട് ചേർന്നുള്ള 71 സെന്റ് സ്ഥലത്തിൽ കോൺക്രീറ്റ് വോൾട്ട് ഖബർസ്ഥാൻ നിർമ്മിക്കുന്നതിനുള്ള അനുമതി, അല്ലെങ്കിൽ പള്ളി അധികാരികൾ രണ്ടാമതായി പരാമർശിച്ച സ്ഥലത്തിൽ കോൺക്രീറ്റ് വോൾട്ട് നിർമ്മിക്കാനുള്ള അനുവാദം ഏതാണോ ചട്ടപ്രകാരം അനുവദനീയം എന്ന് പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി പരാമർശം 2 പ്രകാരം (Ext P14) ഉത്തരവായിരുന്നു. ഈ ഉത്തരവിനെതിരെ ശ്രീ കെ.സി ബാബു എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)38856/15, 22733/16 നമ്പർ റിട്ട് ഹർജികൾ പരിഗണിച്ച കോടതി , സർക്കാർ ഉത്തരവ് ശരി വച്ചു കൊണ്ട്

പരാമർശം 3 പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിക്കെതിരെ ടിയാൻ സമർപ്പിച്ച റിട്ട് അപ്പീലുകളിന്മേൽ ബഹു. ഹൈക്കോടതി പരാമർശം 4 പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ഈ വിഷയത്തിൽ, ഉത്തരവ് പുറപ്പെടുവിക്കാനായി സർക്കാർ പരിഗണിച്ച രേഖകളെക്കുറിച്ച്, Ext P14 ഉത്തരവ് ഒരു വ്യക്തതയും നൽകുന്നില്ല എന്ന് കോടതി ചൂണ്ടിക്കാട്ടുകയും, Ext R3(d) അപേക്ഷ പുതുതായി പരിഗണിക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം 2 ലെ ഉത്തരവ്(Ext P14 ) റദ്ദ് ചെയ്തിട്ടുള്ളതുമാണ്. കൂടാതെ Ext R3 (d) പുതുതായി പരിഗണിക്കുന്നതിനായി, അതിന്മേൽ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് തേടാനും ടി റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ ഒരു പകർപ്പ് അഭിപ്രായത്തിനായി നൂറുൽ ഇമാം ജുമാ മസ്ജിദിനും (അപേക്ഷകൻ) പരാതിക്കാരനായ ശ്രീ കെ.സി.ബാബുവിനും നൽകേണ്ടതും അതിനുശേഷം, അപേക്ഷകനെയും പരാതിക്കാരനായ ശ്രീ കെ.സി ബാബുവിനെയും നേരിൽ കേട്ട് ജുമാമസ്ജിദിന് അവരുടെ സ്ഥലത്ത് വോൾട്ട് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന കാര്യം കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 1998 പ്രകാരം പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

2) ബഹു ഹൈക്കോടതിയുടെ പരാമർശം 4 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, Ext R3(d) അപ്പീൽ അപേക്ഷയിന്മേൽ എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പുതുക്കാട് നൂറുൽ ഈമാൻ ജുമാമസ്ജിദ് ശ്മശാന നിർമ്മാണാനുമതിക്കായി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ 21.02.2015 ൽ നിർമ്മാണാനുമതി നിഷേധിച്ച് 57971/13/എം.5 നമ്പറായി നടപടിക്രമം പുറപ്പെടുവിച്ചിരുന്നതാണെന്നും മേൽ നടപടി ക്രമത്തിനെതിരായി മസ്ജിദ് ഭാരവാഹികൾ സർക്കാർ സമക്ഷം സമർപ്പിച്ച അപ്പീൽ പരിഗണിച്ച് പരാമർശം 2 പ്രകാരം ശ്മശാന നിർമ്മാണത്തിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും എന്നാൽ കെ.സി ബാബു എന്ന കക്ഷി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന WP(c) 22773/16, 38856/2015 ഹർജികൾ കാരണം ഉത്തരവ് നടപ്പിൽ വരുത്തുവാൻ കഴിയാതെ പോകുകയുണ്ടായിയെന്നും ശ്മശാനം നിർമ്മിക്കുന്ന കോമ്പൗണ്ട് ചെങ്ങമനാട് സബ് രജിസ്ട്രാർ ഓഫീസിലെ 361/1/1985 നമ്പർ ആധാരത്തിൽ കരുമാല്ലൂർ വില്ലേജ് സർവ്വെ 319/7 ൽ ലെറ്റർ 2 ൽ 08.90 ആർ പുരയിടം വിഭാഗത്തിൽപ്പെട്ട 84.80 ചതുരശ്ര മീറ്റർ ആണ്എന്നും കളക്ടർ പരാമർശം 5 പ്രകാരം അറിയിച്ചു. അപേക്ഷാ വസ്തു പറവൂർ ആലുവ റോഡിൽ മരോട്ടി ചോട് ബസ് സ്റ്റോപ്പിൽ നിന്ന് തെക്കോട്ടുള്ള തൈത്തരക്കടവ് പഞ്ചായത്ത് റോഡിലൂടെ 1 കിലോമീറ്റർ തെക്കുമാറി ടി റോഡിന് കിഴക്കുവശം ചേർന്ന് നൂറുൽ ഈമാൻ ജുമാമസ്ജിദിനും മദ്രസ്സയ്ക്കും ഇടയിൽ സ്ഥിതി ചെയ്യുന്നുവെന്നും 1.8 മീറ്റർ ആഴത്തിലും 2.55 മീറ്റർ നീളത്തിലും 1.45 മീറ്റർ വീതിയിലും കോൺക്രീറ്റ് ചുറ്റോടും അടിത്തട്ടോളം 7 കല്ലറകൾ 16 സെന്റീമീറ്റർ കോൺക്രീറ്റിൽ നിർമ്മിച്ചിട്ടുള്ളതായും വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും നിർദ്ദിഷ്ട ശ്മശാന അപേക്ഷാ വസ്തുവിന്റെ 25 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ ഇല്ലാത്തതും ടി വസ്തു കരുമാല്ലൂർ പഞ്ചായത്തിലെ XVII -ാം വാർഡിൽപ്പെടുന്നതും അപേക്ഷാ വസ്തു ഉൾപ്പെടുന്ന സർവ്വേ നമ്പറിൽ ടി പള്ളിക്ക് 32.000 സെന്റും ആകെ 71 സെന്റും പള്ളി സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിനുള്ളിലുള്ളതുമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പരാമർശം 4 ഉത്തരവ് പ്രകാരം, ടി റിപ്പോർട്ടിന്റെ പകർപ്പ്, അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി നൂറുൽ ഈമാൻ ജുമാമസ്ജിദ് സെക്രട്ടറിക്കും റിട്ട് അപ്പീൽ പരാതിക്കാരനായ ശ്രീ കെ.സി ബാബുവിനും, നൽകുകയുണ്ടായി.

3) ഇതു സംബന്ധിച്ച് ശ്രീ.കെ.സി ബാബു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിൽ ചുവടെപ്പറയുന്ന കാര്യങ്ങൾ അറിയിച്ചിരുന്നു.

കരുമാല്ലൂർ പുതുക്കാട് നൂറുൽ ഈമാൻ ജുമാമസ്ജിദ് 27.12.2006 ൽ ഖബർസ്ഥാൻ നിർമ്മിക്കാൻ അപേക്ഷ നൽകുകയും ആയത് അന്നത്തെ ജില്ലാ കളക്ടർ 22.09.2007 ൽ തള്ളിയതുമാണ്. ആ ഉത്തരവിനെതിരെ പള്ളിക്കമ്മറ്റി അപ്പീൽ ബോധിപ്പിക്കുയുണ്ടായില്ല. അതിനുശേഷം 01.09.2013 ൽ പള്ളിവളപ്പിൽ ഒരു മൃതദേഹം അനധികൃതമായി മറവു ചെയ്തു. അതേ തുടർന്ന് സ്ഥലത്ത് വലിയ സംഘർഷാവസ്ഥയുണ്ടായി. അന്നത്തെ മരാമത്ത് മന്ത്രിയും ജില്ലാ കളക്ടറും ഇടപെട്ട് സർവ്വകക്ഷി യോഗം വിളിക്കുകയും അനുമതി കൂടാതെ മൃതദേഹം മറവു ചെയ്യരുതെന്ന് ജില്ലാ കളക്ടർ 20.09.2013 ൽ ഉത്തരവിടുകയും ചെയ്തു. അതിനുശേഷം പള്ളിക്കമ്മറ്റി 26.11.2013 ൽ പുതിയ അപേക്ഷ സമർപ്പിച്ചു. 22.09.2007 ലെ പ്രതികൂല ഉത്തരവ് മറച്ചുവെച്ചുകൊണ്ടാണ് പുതിയ അപേക്ഷ നൽകിയത്. കോൺക്രീറ്റ് കൊണ്ട് Vault type സെമിത്തേരി പണിയാനാണ് അപേക്ഷ നൽകിയത്. അതിനെതിരെ പ്രദേശവാസികളുടെ ഭാഗത്തു നിന്നും വലിയ എതിർപ്പ് ഉണ്ടായി. നിർദ്ദിഷ്ട ഖബർസ്ഥാന് അനുമതി നൽകരുതെന്ന കരുമാല്ലൂർ ഗ്രാമപഞ്ചായത്തു കമ്മിറ്റി ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. പോലീസും ഖബർസ്ഥാന് പ്രതികൂലമായ നിലപാടാണ് കൈക്കൊണ്ടത്. എല്ലാ വാദങ്ങളും പരിഗണിച്ചശേഷം 21.02.2015 ൽ അപേക്ഷ തള്ളിക്കൊണ്ട് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവിനെതിരെയാണ് പള്ളിക്കമ്മറ്റി അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. അപ്പീൽ നിലവിലിരിക്കെ പള്ളിക്കമ്മറ്റി സെക്രട്ടറി സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെ സമീപിക്കുകയും 31.11.2015 ൽ അനുകൂല ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. അതിനെതിരെയാണ് ഹൈക്കോടതിയിൽ 38856/2015 നമ്പറായിട്ട് റിട്ട് ഹർജി ബോധിപ്പിക്കുകയും സ്റ്റേ നേടുകയും ചെയ്തിട്ടുള്ളത്. അതിനുശേഷം തനിക്കോ ഖബർസ്ഥാനെ എതിർക്കുന്ന മറ്റു കക്ഷികൾക്കോ നോട്ടീസ് നൽകാതെ തദ്ദേശസ്വയംഭരണ വകുപ്പ് പള്ളിക്കമ്മറ്റിയുടെ അപ്പീൽ പരിഗണിച്ചു. ആ ഘട്ടത്തിൽ കരുമാലൂർ ഗ്രാമപഞ്ചായത്ത് വീണ്ടും യോഗം ചേർന്ന് 31.12.2015 ൽ ഖബർസ്ഥാൻ അനുവദിക്കരുതെന്ന് പ്രമേയം പാസ്സാക്കി. എന്നാൽ എല്ലാ ആക്ഷേപങ്ങളും തുണവത്കരിച്ചുകൊണ്ട് സർക്കാർ 10.06.2016 ലെ ഉത്തരവ് പ്രകാരം ഖബർസ്ഥാന് അനുമതി നൽകി. അതിനെതിരെ താൻ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി നേടുകയും ചെയ്തു. ആ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ സർക്കാർ പള്ളിക്കമ്മറ്റിയുടെ അപ്പീൽ പുനഃപരിശോധിക്കുന്നത്. 25 മീറ്റർ ചുറ്റളവിൽ താമസയോഗ്യമായ കെട്ടിടം, കിണർ, മദ്രസ, പ്രകൃതിദത്തമായ തോട് എന്നിവ ഉള്ളതാണ്. മേൽപ്പറഞ്ഞ തോട് ജനവാസ കേന്ദ്രങ്ങളിലൂടെ ഒഴുകുന്നതാണ്. പള്ളിയുടെ വളപ്പിൽ ഖബർസ്ഥാന് അനുമതി ചോദിച്ച സ്ഥലത്തല്ല ഇപ്പോൾ കല്ലറ പണിതിട്ടുള്ളത്. Vault type സെമിത്തേരിക്ക് അപേക്ഷ കൊടുക്കുകയും ഭൂമിയിൽ കുഴിയെടുത്ത് അനധികൃതമായി ശവക്കല്ലറ പണിയുകയുമാണുണ്ടായത്. ശവക്കല്ലറയോട് ചേർന്നുള്ള പ്രദേശം റവന്യൂ രേഖപ്രകാരം നെൽവയലാണ്. ഇതിൽ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനവുമുണ്ട്. പ്രദേശവാസികളെ അറിയിക്കാതെയും നോട്ടീസ് നൽകാതെയുമാണ് വില്ലേജ് ഓഫീസർ സ്ഥലം പരിശോധിച്ചതായി റിപ്പോർട്ട് നൽകിയിട്ടുള്ളത്. തങ്ങളുടെ അറിവിൽ ടിയാൻ സ്ഥലം പരിശോധിക്കുകയോ ശരിയായ രീതിയിൽ അളവെടുക്കുകയോ ചെയ്തിട്ടില്ല. അതുപോലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും തെറ്റായതാണ്. ഖബർസ്ഥാൻ ഏതോ വ്യവസായശാലയാണ് എന്ന് തെറ്റിദ്ധരിച്ചിട്ടാണ് DMO റിപ്പോർട്ട് നൽകിയിട്ടുള്ളത്. പള്ളിക്കമ്മറ്റിക്ക് അനുകൂലമായ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ

ശുപാർശ നിയമപ്രാബല്യം ഇല്ലാത്തതാണ്. ആയത് ഹൈക്കോടതി നിരാകരിച്ചിട്ടുള്ളതാണ്.

4) പ്രസ്തുത അഭിപ്രായങ്ങൾ ലഭിച്ചതിനു ശേഷം ബന്ധപ്പെട്ടവരെ 12.12.2019 ന് നേരിൽ കേട്ടു. നൂറുൽ ഈമാൻ ജുമാമസ്ജിദിനു വേണ്ടി സെക്രട്ടറി ശ്രീ എസ്.ഷാനവാസ്, കമ്മിറ്റി അംഗം ശ്രീ പി.എ.നിഷാദ്എന്നിവരും പരാതിക്കാരനായ ശ്രീ കെ.സി.ബാബു, ടിയാന്റെ വക്കീൽ, ശ്രീ ഹരിഹരൻ, ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധിയായ ആലുവ വെസ്റ്റ് പോലീസ് ഇൻസ്പെക്ടർ ശ്രീ. വേണുഗോപാൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കു വേണ്ടി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, ശ്രീ ടൈലൻ ടോം. എന്നിവർ ഹിയറിംഗിനു ഹാജരായി.

5) ഹിയറിംഗ് സമയത്ത് പള്ളി കമ്മിറ്റി ഭാരവാഹികൾ ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ 7175/RAനമ്പരായി രജിസ്റ്റർ ചെയ്ത വഖഫ് ബോർഡ് നിയന്ത്രണത്തിലുള്ള മസ്ജിദാണ് നൂറുൽ ഈമാൻ മസ്ജിദ് എന്നും മസ്ജിദിന് കീഴിൽ 100 ലധികം കുടുംബങ്ങളും 450 ഓളം ഇസ്ലാം മത വിശ്വാസികളും വസിക്കുന്നതായും മസ്ജിദിന് സ്വന്തമായി 71 സെന്റ് സ്ഥലം ഉള്ളതായും സെക്രട്ടറി പറഞ്ഞു. മസ്ജിദിന് കീഴിൽ താമസിക്കുന്നവരിൽ ആരെങ്കിലും മരണപ്പെട്ടാൽ മറ്റൊരു പഞ്ചായത്തിലെ 6 കിലോമീറ്ററിലധികം ദൂരെയുള്ള ആലങ്ങാട് മസ്ജിദ് ഖബർസ്ഥാനിലാണ് അടക്കം ചെയ്തിരുന്നതെന്നും അവിടെ സ്ഥല പരിധിമൂലം ഇനി മേലിൽ അടക്കം ചെയ്യാൽ അനുവദിക്കില്ല എന്നും കാണിച്ച് ആലങ്ങാട് മസ്ജിദ് അധികൃതർ രേഖാമൂലം അറിയിച്ചിട്ടുള്ളതായും സെക്രട്ടറി പറഞ്ഞു. ശവം മറവു ചെയ്യാനുള്ള ഇവിട്ടുത്തുകാരുടെ ബുദ്ധിമുട്ട് പലപത്രങ്ങളും റിപ്പോർട്ട് ചെയ്തതും തെളിവായി നൽകി. സ്വന്തമായി 71 സെന്റ് സ്ഥലം ഉള്ളതിനാലും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ശ്മശാന നിർമ്മിതിയ്ക്ക് വേണ്ട മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കുമെന്നതിനാലും ചട്ടപ്രകാരം 26.11.2013 തീയതി നിശ്ചിത ഫോറത്തിൽ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ ശ്മശാനത്തിന് അപേക്ഷ നൽകി. എന്നാൽ പഞ്ചായത്ത് 16.12.2013 തീയതി ഈ അപേക്ഷ നിരസിച്ചതായി അറിയിച്ചു. എന്നാൽ ബഹു.കേരള ഹൈക്കോടതിയുടെ 14425/2006 ഉത്തരവ് പ്രകാരം ശ്മശാന അനുമതിയ്ക്കുള്ള അപേക്ഷ നിരസിക്കാൻ പഞ്ചായത്തിന് അധികാരമില്ല എന്ന ഉത്തരവുള്ളതാണ്. അപേക്ഷകൻ പഞ്ചായത്തിന്റെ ഈ നടപടിയ്ക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാനെ സമീപിച്ചപ്പോഴും പഞ്ചായത്തിന്റെ ഈ തീരുമാനം ചട്ടവിരുദ്ധമാണെന്ന് ഉത്തരവായിട്ടുള്ളതാണ്. സമയബന്ധിതമായി അപേക്ഷ തീർപ്പാക്കണം എന്ന് കാണിച്ച് അപേക്ഷൻ നൽകിയിട്ടുള്ള റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അപേക്ഷ തുടർനടപടികൾക്കായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഫോർവേർഡ് ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലപരിശോധന നടത്തി 21.04.2014 തീയതി നമ്പർ.എൽ.ഡിസ്(സി-2)-4797/14 നടപടിക്രമപ്രകാരം ശ്മശാനത്തിന് എൻഒസി നൽകി. സാമുദായിക സ്പർദ്ധ ഉണ്ടാകുമെന്നുള്ള കാരണത്താൽ ശ്മശാനത്തിനുള്ള അപേക്ഷ നിരസിക്കുവാൻ പാടില്ലാ എന്ന ഉത്തരവുകളുള്ളതാണ്. ഇക്കാര്യങ്ങൾ പരിശോധിച്ചും, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്, പറവൂർ തഹസിൽദാർ തുടങ്ങിയവരെ നേരിൽ കേട്ടും, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പഞ്ചായത്ത്, ഡി.എം.ഒ., റവന്യൂ പോലീസ് അധികാരികളുമായി സ്ഥല പരിശോധന നടത്തി സർക്കാരിന്

സമർപ്പിച്ച MCOP 127/2014 നമ്പർ ശുപാർശ പരിഗണിച്ചുമാണ് 10/06/2016 തീയതി ശ്മശാനത്തിന് സർക്കാർ അനുമതി നല്കിയത് എന്നും അറിയിച്ചു.

6) എന്നാൽ ഹിയറിംഗിൽ റിട്ട് അപ്പീൽ പരാതിക്കാരൻ പ്രധാനമായും ആരോപിച്ചത് നിർദ്ദിഷ്ട ശ്മശാന അതിർത്തിയുടെ 10 മീറ്ററിനുള്ളിൽ വീടും കിണറുമുണ്ടെന്നും ആയതിനാൽ ശ്മശാനത്തിന് അനുവാദം നൽകരുതെന്നുമാണ്. ഈ ഖബർസ്ഥാൻ നിർമ്മിക്കുന്നത് ആ പ്രദേശത്തെ സാമുദായിക സൗഹൃദാന്തരീക്ഷം തകരാൻ ഇടയാകരുതെന്നും ക്രമസമാധാന പ്രശ്നമുണ്ടാകുമെന്നതും ഇപ്പോഴും സംഘർഷ സാധ്യത നിലനിൽക്കുന്നത് കണക്കിലെടുത്തും, പള്ളി അധികാരികളുടെ ആവശ്യം ന്യായമായതിനാലും ടി വിഷയം പരിഹരിക്കുന്നതിലേയ്ക്കായി ഇരു കൂട്ടർക്കും സ്വീകാര്യമായ മറ്റൊരു സ്ഥലം കണ്ടെത്തി പ്രശ്ന പരിഹാരം തേടുന്നതായിരിക്കും ഏറ്റവും ഉചിതമെന്ന് പഞ്ചായത്ത് കമ്മിറ്റി ഐക്യകണ്ഠേന വിലയിരുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ നിലവിൽ അപേക്ഷിച്ചിട്ടുള്ള സ്ഥലത്ത് ഖബർസ്ഥാൻ നിർമ്മാണത്തിന് അനുവാദം നല്കേണ്ടതില്ലായെന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ഇപ്പോഴത്തെ നിലപാട് എന്നും പഞ്ചായത്ത് റിപ്പോർട്ട് നൽകിയ വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുവേണ്ടി ഹാജരായ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. എന്നാൽ പഞ്ചായത്ത് രാജ് ചട്ടം പാലിക്കുന്ന പക്ഷം അനുമതി നൽകേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

7) പോലീസിനു വേണ്ടി ഹാജരായ ആലുവ വെസ്റ്റ് പോലീസ് ഇൻസ്പെക്ടർ, ശ്മശാന നിർമ്മാണത്തിന് അനുമതി നൽകുന്ന പക്ഷം ക്രമസമാധാന പ്രശ്നമുണ്ടാകാൻ സാധ്യതയുണ്ടെന്നും എന്നാൽ, ശ്മശാന നിർമ്മാണത്തിന് സർക്കാരോ കോടതിയോ അനുമതി നൽകുന്ന പക്ഷം മതിയായ സംരക്ഷണവും പ്രദേശത്തെ സുരക്ഷയും ഉറപ്പാക്കികൊള്ളാമെന്നും അറിയിച്ചു.

8) ഹിയറിംഗിൽ പരാതിക്കാർ പ്രധാനമായും ആരോപിച്ചത് നിർദ്ദിഷ്ട ശ്മശാന അതിർത്തിയുടെ 10 മീറ്ററിനുള്ളിൽ വീടും കിണറുമുണ്ടെന്നാണ്. നിർദ്ദിഷ്ട ശ്മശാന അപേക്ഷാ വസ്തുവിന്റെ 25 മീറ്റർ ചുറ്റളവിനുള്ളിൽ വാസഗൃഹങ്ങൾ ഇല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നതിനാൽ, നിർദ്ദിഷ്ട അപേക്ഷാ വസ്തുവിന്റെ 25 മീറ്റർ ചുറ്റളവിൽ ജലസ്രോതസ്സുകളുണ്ടോയെന്ന് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നു. അപേക്ഷ വസ്തുവിന്റെ 25 മീറ്റർ ചുറ്റളവിനുള്ളിൽ കിണർ,കുളം തുടങ്ങിയ ജലസ്രോതസുകളില്ല എന്ന് പരാമർശം 6 പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9) 1998 ലെ പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5(1) പ്രകാരം കോൺക്രീറ്റ് വോൾട്ട് പണിയുന്നതിനുമുള്ള അകലം ജനവാസഗൃഹങ്ങളിൽ നിന്നും ജലസ്രോതസ്സുകളിൽ നിന്നും 25 മീറ്റർ മതിയാകുന്നതാണ്. കൂടാതെ ബഹു. ഹൈക്കോടതിയുടെ 14425/2006 ഉത്തരവ് പ്രകാരം പഞ്ചായത്തിന് ശ്മശാന അനുമതിക്കുള്ള അപേക്ഷ നിരസിക്കാൻ അധികാരമില്ല എന്നും അപേക്ഷയിൽ നിർദ്ദിഷ്ട ഭാഗത്ത് അഭിപ്രായം രേഖപ്പെടുത്തി അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ജില്ലാ കളക്ടർക്ക് അയയ്ക്കുകയാണ് വേണ്ടതെന്ന് കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളതുമാണ്. അതു കൂടാതെ ബഹു. ഹൈക്കോടതിയുടെ 09/09/2015ലെ WP(c) 16966/2013ലെ WA No. 1169/2014 മേലുള്ള വിധി

ഉത്തരവിൽ സമുദായ സ്പർദ്ധ ഉണ്ടാകുമെന്നുള്ള കാരണത്താൽ ശ്മശാനത്തിനുള്ള അപേക്ഷ നിരസിക്കുവാൻ പാടില്ല എന്ന് ഉത്തരവുള്ളതാണ്. അതോടൊപ്പം WP(c) No. 11277/13, 13768/12,WA Nos. 674/13, 669/13 എന്നീ കേസുകളിലെ ബഹു ഹൈക്കോടതിയുടെ 25.07.2014 ലെ വിധിന്യായത്തിൽ വോൾട്ട് ടൈപ്പ് ശ്മശാന നിർമ്മാണത്തിന് ജലസ്രോതസ്സുകളിൽ നിന്ന് 25 മീറ്റർ മതിയാകുമെന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഇതിനു പുറമെ നിർദ്ദിഷ്ട ശ്മശാന വസ്തുവിന്റെ 25 മീറ്റർ ചുറ്റളവിനുള്ളിൽ ജനവാസഗൃഹങ്ങളോ ജലസ്രോതസ്സുകളോ ഇല്ലായെന്ന് എറണാകുളം ജില്ലാ കളക്ടറും അറിയിച്ചിട്ടുമുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻഒസി യുടെ ആദ്യ ഭാഗത്തു തന്നെ നൂറുൽ ഈമാൻ ജുമാ മസ്ജിദ് സെക്രട്ടറിയുടെ അപേക്ഷ പ്രകാരം ഖബർസ്ഥാനു(burial Area)ള്ള പരിശോധനയാണ് നടത്തിയിട്ടുള്ളതെന്നു വ്യക്തമാക്കിയിട്ടുണ്ട്. തുടർന്നുള്ള രണ്ടാമത്തെ പേജിലും ശ്മശാന നിർമ്മാണത്തിനും തുടർന്നുള്ള നടത്തിപ്പിനെ സംബന്ധിച്ചുമുള്ള വ്യവസ്ഥകളിലും വ്യക്തമായി സെമിത്തേരി എന്നു രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഒരു ഭാഗത്തു മാത്രമാണ് വ്യവസായ ശാല എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. (അത് Clerical mistake ആകാനാണ് സാധ്യത.) കൂടാതെ അപേക്ഷകൻ ലഭ്യമാക്കിയ റവന്യൂ രേഖകളിലും ജില്ലാകളക്ടറുടെ റിപ്പോർട്ടിലും നിർദ്ദിഷ്ട ശ്മശാന സ്ഥലം പുരയിടം എന്നാണ് രേഖപ്പെടുത്തിയിക്കുന്നത്.

10) മേൽ വസ്തുതകളുടേയും പരാതിക്കാരെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിന്റെയും ബന്ധപ്പെട്ടവർ ലഭ്യമാക്കിയ രേഖകളുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടത്തിലെ ചട്ടം 5 (1) പ്രകാരം കോൺക്രീറ്റ് കല്ലറകളുടേയും വൈദ്യുത ക്രിമറ്റോറിയങ്ങളുടേയും സംഗതിയിൽ ജനവാസഗൃഹങ്ങളിൽ നിന്നും ജലസ്രോതസ്സുകളിൽ നിന്നുമുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണെന്ന വ്യവസ്ഥ പാലിക്കുന്നതിനാലും ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലപരിശോധന നടത്തി എൻ.ഒ.സി നൽകിയിട്ടുള്ളതിനാലും കരുമാല്ലൂർ വില്ലേജിലെ സർവ്വെ നം. 319/7 ൽ പ്പെട്ട 84.80 m2 സ്ഥലത്ത്, നൂറുൽ ഇമാൻ ജുമാമസ്ജിദിന് കോൺക്രീറ്റ് വോൾട്ട് ശ്മശാനം നിർമ്മിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ശവം മറവ് ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം 4 ലെ ബഹു. ഹൈക്കോടതിയുടെ 27.05.2019 ലെ വിധിന്യായം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹസീനാ ബീഗം എ**
**അണ്ടർ സെക്രട്ടറി**

<u>പകർപ്പ്</u>

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ജില്ലാ കളക്ടർ, എറണാകുളം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല

ശ്രീ. കെ.സി ബാബു, കടുവാപ്പറമ്പിൽ, പുതുക്കാട്, തട്ടമ്പാടി, കരുമാല്ലൂർ പി.ഒ എറണാകുളം-683511

സെക്രട്ടറി, നൂറുൽ ഇമാൻ ജുമാമസ്ജിദ്, പുതുക്കാട്, കരുമാല്ലൂർ പി.ഒ എറണാകുളം-683511

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ